

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



സത്യവിശ്വാസ സംരക്ഷകൻ

ഫാ. ഡോ. ഒ. തോമസ്

ബാല്യകാല സ്മരണകൾ

മലങ്കരസഭയിലെ പുരാതനമായ പള്ളികളിലൊന്നാണ് ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി. എത്യോപ്യൻ ചക്രവർത്തിയുടെ 1956-ലെ വരവിനോടനുബന്ധിച്ച് ചുവർചിത്രങ്ങൾ ഇലച്ചാറുകൾ ഉപയോഗിച്ച് നവീകരിക്കുകയുണ്ടായി. ആർക്കിയോളജിക്കൽ സൊസൈറ്റി മദ്ബഹായുടെ ചിത്രങ്ങളുടെ പഴക്കം ശാസ്ത്രീയമായി നിർണയിച്ചപ്പോൾ ഏകദേശം 800 വർഷമെന്ന് കണ്ടെത്തി. അങ്ങനെയെങ്കിൽ ചേപ്പാട് പള്ളിക്ക് ഏകദേശം 900 വർഷത്തിന്റെ പഴക്കമുണ്ട്. നൂറാം ശ്രാദ്ധപ്പെരുന്നാളിന് ശേഷമാണ് കൃത്യമായി ഓർമപ്പെരുന്നാൾ അല്പം വിപുലമായി നടത്തുവാൻ തുടങ്ങിയതത്രേ. നിരണം ഭദ്രാസന മെത്രാപ്പോലീത്തായെ കല്ലുംപുറത്തെ തിരുമേനി എന്നാണ് എല്ലാവരും വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ മുഴുവൻ പേര് തോമാ മാർ ദിവന്നാസിയോസ് ആണെന്ന് മനസ്സിലായത് 1972-ൽ സെമിനാരിയിൽ പ്രവേശനം നേടുവാനുള്ള ശുപാർശ കത്തിനായി പത്തനാപുരം ദയറായിൽ ഞാൻ ചെന്നപ്പോഴാണ്. ഒക്ടോബർ 11, 12 തീയതികളിലാണ് തിരുമേനിയുടെ ഓർമപ്പെരുന്നാൾ നടത്തുന്നത്. 11-നു സന്ധ്യാ പ്രാർത്ഥനയ്ക്ക് മുമ്പ് തിരുമേനി എത്തിച്ചേരും. സന്ധ്യാ പ്രാർത്ഥനയ്ക്കു ശേഷവും, വിശുദ്ധ കുർബാന മധ്യേയും തിരുമേനിയുടെ പ്രസംഗം ഉണ്ടാകും. എല്ലാ വർഷവും പ്രസംഗങ്ങളിൽ പ്രധാന ആശയം ഒന്നായിരുന്നു; "ഈ തിരുമേനി ഇല്ലായിരുന്നെങ്കിൽ നമ്മുടെ സഭ ഇന്നത്തെ നിലയിൽ കാണുകയില്ലായിരുന്നു. നാം ആംഗ്ലിക്കൻ സഭയുടെ ഭാഗമാകുമായിരുന്നു. നമ്മുടെ സഭയുടെ സത്യവിശ്വാസം നിലനിർത്തിയത് ചേപ്പാട്ട് തിരുമേനിയാണ്.'' എനിക്ക് ഓർമ്മയുള്ള ബാല്യകാലത്ത് സഭ യോജിച്ചു നിൽക്കുകയായിരുന്നുവല്ലോ. അതിനാൽ അന്ത്യോക്യൻ അധിനിവേശമൊന്നും അന്ന് കാര്യമായി ആരും പറഞ്ഞിരുന്നില്ല. 1972-ൽ സെമിനാരിയിൽ ചേർന്ന വർഷത്തിലാണ് സഭയിലെ സംഘർഷം വീണ്ടും ആരംഭിക്കുന്നത്. പാത്രിയർക്കീസ് ബാവാ അനധികൃതമായി നിയമിച്ച അപ്രേം ആബൂദി റമ്പാനെതിരെയുള്ള പ്രമേയം മാനേജിംഗ് കമ്മിറ്റി പാസാക്കുമ്പോൾ അതിൽ പ്രതിഷേധിച്ച് ആരക്കുന്നം കെ. റ്റി. സക്കറിയ അച്ചൻ, പി. പി. ജോസഫച്ചൻ പുളിക്കപ്പറമ്പിൽ, മങ്ങാട്ടമ്പള്ളിലച്ചൻ, തെക്കേതലക്കൽ ഫിലിപ്പോസ് തുടങ്ങി 17 പേർ ഇറങ്ങിപ്പോകുന്നത് ഞങ്ങൾ നേരിൽ കണ്ടു. എബ്രഹാം മാർ ക്ലീമിസ് മെത്രാപ്പോലീത്തായും, പൗലോസ് മാർ പീലക്സിനോസ് തിരുമേനിയും മാനേജിംഗ് കമ്മിറ്റിയിൽ നിന്ന് ഇറങ്ങിപ്പോയില്ലെങ്കിലും, അവർ, ഒന്നായ സഭയുടെ മാനേജിംഗ് കമ്മിറ്റിയിൽ അവസാനമായി സംബന്ധിച്ചതും അന്നു തന്നെയായിരുന്നു. അന്നു മുതലുള്ള ചരിത്രത്തിലാണ് വീണ്ടും മലങ്കര-അന്ത്യോഖ്യാ ബന്ധം കൂടുതൽ ചർച്ചാവിഷയമാകുന്നത്.

അല്പം ആനുകാലിക ചരിത്രം

അപ്പോഴേക്കും തോമാശ്ലീഹായ്ക്കു പട്ടമില്ലെന്ന് യാക്കോബ് തൃതീയന്റെ കുപ്രസിദ്ധ കല്പന പുറത്തുവന്നു. പാത്രിയർക്കീസ് മലങ്കര സഭയിൽ അനധികൃതമായി ഇടപെട്ട് മേൽപ്പട്ടക്കാരെ വാഴിച്ചു. മലങ്കര അന്ത്യോക്യൻ ബന്ധം വഷളായി. കേസുകൾ ആരംഭിച്ച് 2017 ജൂലൈ 3 വരെയുള്ള വിധിയിലും നടത്തിപ്പിലും എത്തിച്ചേർന്നിരിക്കുകയാണല്ലോ.

അന്ത്യോഖ്യാ ബന്ധത്തെ വീണ്ടും വിശകലനം ചെയ്ത് ചരിത്രകാരന്മാർ മാവേലിക്കര പടിയോലയിലും അതിനു ചുക്കാൻ പിടിച്ച ചേപ്പാട്ടു ഫിലിപ്പോസ് മാർ ദിവന്നാസിയോസ് തിരുമേനിയിലും എത്തിച്ചേർന്നു. മാവേലിക്കര പടിയോലയിലാണ് ആദ്യമായി ഔദ്യോഗിക വിധേയത്വം പ്രഖ്യാപിച്ചുള്ള രേഖ ഉണ്ടാകുന്നതെന്നും, ആ വഴിക്ക് ചേപ്പാട് തിരുമേനിയുടെ കഴിവുകേടാണ് ദുരന്തങ്ങൾക്ക് കാരണമെന്നും പലരും ചൂണ്ടിക്കാട്ടി. ചേപ്പാട്ട് തിരുമേനിയുടെ 'സത്യവിശ്വാസ സംരക്ഷകൻ' എന്ന വിശേഷണം പലരും ചോദ്യം ചെയ്തു. അന്ത്യോഖ്യൻ ബന്ധത്തിന്റെ ഉറവിടം മാവേലിക്കര പടിയോലയാണ് എന്ന



ഓർമ്മ ഒക്ടോബർ 12-ന് ചേപ്പാട് പള്ളിയിൽ

ഈ അഭിപ്രായം നേരത്തെ ഉണ്ടായിരിക്കാമെങ്കിലും സഭാചരിത്രമൊക്കെ വായിക്കുന്ന ചിലരിൽ മാത്രം ഒതുങ്ങി നിന്നതിനാൽ അത്രയും വ്യാപക പ്രചാരം ലഭിച്ചിരുന്നോ എന്ന് തോന്നുന്നില്ല. അതുകൊണ്ടായിരിക്കാം പി. എ. ഉമ്മൻ ഈ വിഷയത്തെ പരാമർശിക്കുന്നുണ്ടെങ്കിലും ചേപ്പാട്ടു തിരുമേനിയെ കൂടുതൽ പുകഴ്ത്തുവാനോ, അന്ത്യോഖ്യൻ ബാന്ധവം മലങ്കരസഭയുടെ മേൽ കെട്ടിവച്ച ആൾ എന്ന നിലയിൽ ഇകഴ്ത്തുവാനോ ശ്രമിക്കാതെ തിരുമേനിയുടെ മാഹാത്മ്യത്തെ ഉചിതമായ ഭാഷയിലും രീതിയിലും അവതരിപ്പിച്ചത്.

ചരിത്രം മുന്നോട്ടുപോയപ്പോൾ കാഴ്ചപ്പാടുകളും മാറി. ചേപ്പാട് തിരുമേനിക്കെതിരായി ഏറെ ആക്ഷേപം ഉന്നയിച്ചത് നവീകരണ സഭകളിൽ നിന്നുള്ള ചരിത്രകാരന്മാരാണ്. മാവേലിക്കര പടിയോലയിൽ ചർച്ചയ്ക്ക് ആധാരമായി എടുത്ത ബിഷപ്പ് വിൽസണിന്റെ നിർദേശങ്ങൾ അംഗീകരിച്ചിരുന്നുവെങ്കിൽ സി.എസ്.ഐ. യും, മാർത്തോമ്മാ സഭ തന്നെയും ഉണ്ടാവുകയില്ലെന്നാണ് അവരുടെ പക്ഷം. അത്തരമൊരു സാധ്യത ആശയപരമായി പൂർണമായി തള്ളിക്കളയാനാവില്ല. കാരണം മിഷനറിമാർ പലയിടങ്ങളിലും

ഇതിനോടകം പിടി മുറുക്കിക്കഴിഞ്ഞിരുന്നു. പഴയ സെമിനാരി അവരുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു. ബിഷപ്പ് വിൽസണിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ചിരുന്നുവെങ്കിൽ ഭാഗികമായ നിയന്ത്രണം ഏറ്റെടുത്ത മിഷനറിമാർ പൂർണ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുമായിരുന്നു. ഈ പുരാതന സഭയുടെ ചിത്രം തന്നെ മായിക്കപ്പെടുമായിരുന്നു.

പഴയസെമിനാരി സ്ഥാപനം

ചേപ്പാട്ട് തിരുമേനിയുടെ കാലമായപ്പോഴേക്കും സഭയുടെ സിരാകേന്ദ്രമായി പഴയസെമിനാരി മാറിക്കഴിഞ്ഞിരുന്നു. 1815 മുതൽ ഏകദേശം 1958 വരെയും സഭാചരിത്രം നീങ്ങിക്കൊണ്ടിരിക്കുന്നത് പഴയ സെമിനാരിയുടെ അകത്തും പുറത്തുമായിട്ടായിരുന്നു. സഭയുടെ, ഒരു പരിധി വരെ സമൂഹത്തിന്റെയും നവോത്ഥാനം ആരംഭിക്കുന്നത് ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യമായി ആരംഭിച്ച പഴയസെമിനാരിയിൽ നിന്നാണ്.

ക്രാന്തദർശിയും ദീർഘവീക്ഷണ ധന്യനുമായ ഇട്ടൂപ്പ് റമ്പാൻ (പുലിക്കോട്ടിൽ ഒന്നാമൻ അഥവാ ദീവന്നാസിയോസ് രണ്ടാമൻ) ആണ് പഴയസെമിനാരിക്ക് അടിസ്ഥാനമിട്ടു പൂർത്തീകരിച്ചതെന്ന് ഏവർക്കും അറിയാം. 1809-ൽ നടന്ന കണ്ടനാട് പടിയോലയാണ്, വടക്കും തെക്കും രണ്ടു പഠിത്ത വീടുകൾ ഉണ്ടാകണമെന്ന ആശയം മുന്നോട്ട് വെച്ചത്. അതിന്റെ പ്രചോദനം ഉണ്ടെങ്കിലും മറ്റൊരു യാഥാർത്ഥ്യം കൂടെയുള്ളത് വിസ്മരിക്കാൻ ആവുകയില്ല.

കൂനൻകുരിശിനു ശേഷമുള്ള സഭയുടെ അവസ്ഥ

ഒന്നാം സ്വാതന്ത്ര്യ സമരമെന്നും, വിദേശ മേധാവിത്തത്തിനെതിരെ വിപ്ലവാത്മക സംഭവമായി 1653-ലെ കൂനൻകുരിശു സത്യത്തെ വിശേഷിപ്പിക്കുമ്പോഴും ചരിത്രകാരന്മാർ തൃപ്തികരമായ വിശദീകരണം നൽകാത്ത മറ്റൊരു സമസ്യ അവശേഷിക്കുന്നു. അതായത് കൂനൻകുരിശു സത്യഗ്രഹത്തിൽ വീറോടെ പങ്കെടുത്തവരെ 2/3 എന്ന് ഒരു കൂട്ടരും ¾ എന്ന് മറ്റൊരു കൂട്ടരും കണക്കു കൂട്ടുന്ന വലിയ സംഖ്യ റോമാ നുകത്തിലേക്ക് തന്നെ എന്തുകൊണ്ട് തിരിച്ചുപോയി എന്ന വസ്തുത വിശദീകരണങ്ങൾക്ക് ഉപരിയായി നില കൊള്ളുന്നു. റോമാക്കാരുടെ അധിനിവേശ സ്വഭാവവും, വശീകരണവും, ഭൗതികവസ്തുക്കൾ നൽകിയ പ്രലോഭനവും എന്നൊക്കെ വിശദീകരിക്കാമെങ്കിലും അതൊന്നും പൂർണമായ ഒരു തൃപ്തി നൽകുന്നില്ല. പുരാതന സഭയെങ്കിലും സ്വത്വബോധം കാര്യമായി ഉറച്ചിട്ടില്ലാത്തതും ചോദ്യം ചെയ്യപ്പെട്ടു തുടങ്ങിയ ജാതി വ്യവസ്ഥയോടും, ഫ്യൂഡൽ വ്യവസ്ഥിതിയോടുമുള്ള എതിർപ്പുകളും കാര്യമായിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതാണ്. ദേശീയ സഭയിൽ ഇതിന്റെയൊക്കെ സ്വാധീനം കൂടുതലാണല്ലോ. തന്നെയുമല്ല കൃത്യമായ അധികാരശ്രേണിയിലുള്ള കത്തോലിക്കാസഭയുടെ സംഘടനാപരമായ കെട്ടുറപ്പും ഉണ്ടാവാം. ഇവിടെയുള്ള ജാതിക്കുകർത്തവ്യന്റെയും പിന്നീടുണ്ടായ മാർത്തോമ്മാമാരുടെയും നേതൃത്വം എല്ലാവരെയും ഒരുമിച്ച് നിർത്താൻ പര്യാപ്തമായിട്ടില്ലായിരിക്കാം. വേദശാസ്ത്രപരമായും, ആരാധനാപരമായും, വ്യക്തമായ ഒരു കാഴ്ചപ്പാട് ആ കാലയളവിൽ ഈ ചെറിയ സമൂഹത്തിനുണ്ടായിരിക്കാൻ വഴിയില്ല. ഇങ്ങനെ ആഭ്യന്തരമായ ബലഹീനതയായിരിക്കാം ശക്തമായ റോമൻ സംവിധാനങ്ങളോടു താല്പര്യം ഉണ്ടാകുവാനും അതിലേക്ക് അനേകർ ആകൃഷ്ടരാകുവാനും ഇടയായത്.

റോമൻ സംവിധാനത്തിന് ഒരു ബദൽ

ബഹുമുഖ പ്രതിഭയായ ഇട്ടൂപ്പ് റമ്പാൻ സെമിനാരി ആരംഭിക്കണമെന്നു ആഗ്രഹിച്ചതിനു പിമ്പിൽ വൈദികർക്ക് പരിശീലനം നൽകുക എന്നതു മാത്രമല്ലായിരുന്നു. ഇംഗ്ലീഷ് ഉൾപ്പെടെ ആ കാലത്ത് വികസിതമായ ഭാഷയുടെ പരിശീലനം, മലയാളഭാഷയിൽ വേദപുസ്തകം വായിക്കാനും ആരാധന മാതൃഭാഷയിൽ നടത്തുക, സാമൂഹിക അനാചാരങ്ങൾ (തീണ്ടൽ, തൊടീൽ, ബാലവിവാഹം തുടങ്ങി പലതും) എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക, വിദ്യാസമ്പന്നരായ വൈദിക ഗണത്തെ സൃഷ്ടിക്കുക, സ്ത്രീകൾക്കു വിദ്യാഭാസം നൽകുക ഇങ്ങനെ അനവധിയായ ലക്ഷ്യങ്ങൾ ഇട്ടൂപ്പ് റമ്പാനുണ്ടായിരുന്നു. അന്നത്തെ സുറിയാനി ക്രിസ്ത്യാനികൾക്കു തനിയെ ചെയ്യാവുന്ന കാര്യങ്ങളല്ലായിരുന്നു ഇവയൊക്കെ. ഈ കാര്യങ്ങളിൽ റോമാ സഭ ബഹുദൂരം മുന്നിലുമായിരുന്നു. അതുകൊണ്ടാണ് ഇട്ടൂപ്പ് റമ്പാൻ മിഷനറിമാരുടെ സഹായം തേടിയത്. പഴയസെമിനാരിയുടെ നിർമ്മിതിയിൽ റീജന്റ് റാണി ലക്ഷ്മി ഭായിയുടെയും, കേണൽ മൺറോയുടെയുമൊക്കെ സഹായം തേടിയിരുന്നു. സഹായം നൽകാൻ മിഷനറിമാർക്ക് മടിയുമില്ലായിരുന്നു. സുറിയാനിക്കാരെ നവീകരണ പാതയിൽ കൊണ്ടുവരിക അവരുടെ ലക്ഷ്യമായിരുന്നല്ലോ. എന്നാൽ ഈ ബാന്ധവത്തിൽ മിഷനറിമാർ ആദ്യം മുതലേ അധീശത്വം പുലർത്താൻ ആഗ്രഹിച്ചിരുന്നു. സെമിനാരി നിർമാണത്തിലുള്ള സഹകരണത്തിലൂടെ സഭയെ മുഴുവനായി നിയന്ത്രിക്കാൻ അവർക്ക് പദ്ധതിയുണ്ടായിരുന്നു. സെമിനാരിയുടെ ആദ്യ പ്രിൻസിപ്പലായ തോമസ് നോർട്ടനെ നിയമിക്കാൻ പുലിക്കോട്ടിൽ ഒന്നാം തിരുമേനിക്ക് (ഇട്ടൂപ്പ് റമ്പാൻ) സമ്മതിക്കേണ്ടി വന്നു. എന്നാൽ സെമിനാരിയിൽ അദ്ദേഹത്തെ താമസിപ്പിക്കാൻ അദ്ദേഹം സമ്മതിച്ചില്ല. വട്ടിപ്പണത്തിന്റെ പലിശ മലങ്കര മെത്രാപ്പോലീത്തായ്ക്ക് നൽകാതെ (മാർ ത്തോമ്മാ എട്ടാമൻ) സെമിനാരി പണിയുന്നതിന്റെ പേരിൽ ഇട്ടൂപ്പു റമ്പാന് നൽകി. അതിനെ സാധൂകരിക്കാൻ റമ്പാനു മെത്രാൻ പട്ടം സ്വീകരിക്കേണ്ടി വന്നു. ഇതിലൂടെയെല്ലാം മിഷനറിമാർ സുറിയാനി സഭയ്ക്ക് മേൽ പിടിമുറുക്കി കൊണ്ടിരിക്കുകയായിരുന്നു. മെത്രാപ്പോലീത്താ സ്ഥാനം ലഭിക്കാൻ രാജകീയ വിളംബരം ആവശ്യമുള്ളപ്പോഴൊക്കെ മിഷണറിമാരുടെ സ്വാധീനം ഉപയോഗിച്ചു. സഭയെ സ്വാധീനിക്കാനുള്ള അവരുടെ താല്പര്യംകൊണ്ട് ചില ഇടവേളകളിൽ തൊഴിയൂരിലെ മെത്രാന്മാർക്കും ഈ സ്ഥാനം ലഭിച്ചിരുന്നു. ഇങ്ങനെ മിഷനറിമാരുടെ സ്വാധീനം വർധിക്കുക മാത്രമല്ല സഭയുടെ വിശ്വാസത്തെ നവീകരിക്കാനുള്ള അവരുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ശ്രമങ്ങളും മെത്രാന്മാരുടെ ശ്രദ്ധയിൽപ്പെട്ടെങ്കിലും ചിലപ്പോഴൊക്കെ അവർ നിസ്സഹായരാവുകയും ചെയ്തു. ദൈവമാതാവ്, വിശുദ്ധന്മാർ ഇവരുടെ മധ്യസ്ഥത, വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന, വിശുദ്ധ കുർബാന ബലിയാണെന്നും വാഴ്ത്തപ്പെട്ട അപ്പവും വീഞ്ഞും സാക്ഷാൽ തിരുശരീരരക്തങ്ങൾ ആണെന്നുമുള്ള വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള പഠിപ്പിക്കൽ, വിലക്കപ്പെട്ട ദിവസങ്ങളിൽ വൈദിക വിദ്യാർത്ഥികൾക്ക് ഇറച്ചി ഭക്ഷണം നൽകുക തുടങ്ങി ഒട്ടനവധി രീതികളിൽ സഭയുടെ സത്യവിശ്വാസത്തെ രൂപാന്തരപ്പെടുത്താൻ മിഷനറിമാർ ശ്രമിച്ചിരുന്നു. സെമിനാരി നിർമ്മാണത്തിന് മിഷനറിമാരുടെ സഹായം തേടിയതിൽ പുലിക്കോട്ടിൽ തിരുമേനി ഒടുവിൽ ഖിന്നനായിരുന്നു എന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മാർത്തോമാ മെത്രാന്മാരുടെയും, പുലിക്കോട്ടിൽ ഒന്നാമൻ, പുന്നത്ര മാർ ദീവന്നാസിയോസ്, ചേപ്പാട് മാർ ദിവന്നാസിയോസ് എന്നിവരുടെ കാലത്ത് മിഷനറിമാരിൽ കൂടി വന്ന വിശ്വാസ സംബന്ധമായ വിഷയമല്ലാതെ അന്ത്യോക്യൻ ബന്ധം ഒരു പ്രശ്നമേ ആയിരുന്നില്ല. അതുകൊണ്ടുതന്നെ ഈ മെത്രാന്മാർ സഭയുടെ സത്യ വിശ്വാസം സംരക്ഷിക്കാനുള്ള ബദ്ധപ്പാടിലായിരുന്നു.

മിഷനറിമാരുടെ പിടി മുറുകുന്നു

1816 നവംബർ 24-ന് സെമിനാരി സ്ഥാപകൻ ദിവംഗതനായപ്പോൾ തൊഴിയൂർ കിടങ്ങൻ മാർ പീലക്സിനോസിനെയാണ് മലങ്കര മെത്രാപ്പോലീത്തായാക്കിയത്. ഇതു മിഷനറിമാരുടെ സ്വാധീനത്തെ വെളിപ്പെടുത്തുന്നതാണ്. രണ്ടു വർഷക്കാലത്തെ അദ്ദേഹത്തിന്റെ ഭരണത്തിലും നവീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടാനായില്ല എന്നു കണ്ടതിനാൽ സൗമ്യനായ പുന്നത്ര കുര്യൻ അച്ചനിൽ കൂടി കാര്യം സാധിക്കാം എന്നു കരുതി അദ്ദേഹത്തെ 1818-ൽ മലങ്കര മെത്രാപ്പോലീത്തായാക്കി രാജകീയ വിളംബരം നേടി. ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചത് മിഷനറിമാരാണ്.

മിഷനറിമാർ സെമിനാരിയിലും മെത്രാപ്പോലീത്താ പുറത്തും

സെമിനാരി കേന്ദ്രമാക്കി മിഷനറിമാർ പിടിമുറുക്കുന്നതിന്റെ അടുത്തപടി നാം കാണുന്നത് ഈ വിധത്തിലാണ്. മിഷനറിമാരായ ഫെൻ, ബേക്കർ, ബെയ്‌ലി എന്നിവർ സെമിനാരിയിൽ താമസിക്കാൻ തുടങ്ങി. മലങ്കര മെത്രാപ്പോലീത്തായായ പുന്നത്ര മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ തന്റെ ഇടവകപ്പള്ളിയായ കോട്ടയം ചെറിയപള്ളിയിലും താമസിച്ചുവന്നു. ഇതിനിടയിൽ 1818-ൽ മാവേലിക്കരയിൽ മറ്റൊരു സമ്മേളനവും നടന്നു. അതിൽ ഡോ. ഫെൻ നവീകരണ ഉപദേശങ്ങൾ വ്യക്തമായും ശക്തമായും അവതരിപ്പിക്കുകയും, സഭാമക്കളെ അതിലേക്ക് കൊണ്ടുവരാൻ നന്നാ ശ്രമിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ മലങ്കര മെത്രാപ്പോലീത്താ പുന്നത്ര മാർ ദിവന്നാസിയോസ് അധ്യക്ഷത വഹിച്ചിരുന്നു എന്നും ഓർക്കണം. 1820-ൽ പഴയസെമിനാരിയിൽ ബെയ്‌ലി പ്രസ്സ് സ്ഥാപിച്ചു. 1825-ൽ വി. മത്തായിയുടെ സുവിശേഷം വിരചിതമായി. ഇങ്ങനെ ആ കാലഘട്ടം സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാണാവുന്നത് സഭാനേതൃത്വവും പ്രത്യേകിച്ചും സെമിനാരിയും മിഷനറിമാരുടെ നിയന്ത്രണത്തിലായി എന്നാണ്. ഒരുപക്ഷേ താഴെത്തട്ടിൽ കാര്യമായ വ്യതിയാനങ്ങൾ ഉണ്ടായിക്കാണുകയില്ല. പഴയ സെമിനാരിയും മലങ്കര

മെത്രാപ്പോലീത്തായും തങ്ങളുടെ പക്ഷത്തേക്ക് പൂർണമായും ചാഞ്ഞാൽ നവീകരണ പ്രക്രിയ എളുപ്പമാകുമെന്ന് മിഷനറിമാർ ചിന്തിച്ചിരിക്കണം. മിഷനറിമാരുടെ അധിനിവേശത്തിൽ പുന്നത്ര മെത്രാച്ചനും വളരെ വ്യസനത്തിലായിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നേരിട്ട് ഒരു ഏറ്റുമുട്ടൽ പുന്നത്ര മെത്രാച്ചനുമായി ഉണ്ടായില്ല. 1825-ൽ നാല്പതാം വയസ്സിൽ തിരുമേനി കാലം ചെയ്തു. മിഷനറിമാരുടെ അധിനിവേശ പശ്ചാത്തലത്തിൽ വേണം മാവേലിക്കര പടിയോലയെയും ചേപ്പാട്ട് തിരുമേനിയെയും വിലയിരുത്തേണ്ടത്.

മാവേലിക്കര പടിയോലയും ചേപ്പാട്ടു തിരുമേനിയും

കണ്ടനാട്, ആർത്താറ്റ് തുടങ്ങിയ പല പടിയോലകളിൽ ഒന്നായിട്ട് മാവേലിക്കര പടിയോലയെ കാണുന്നത് ശരിയാവുകയില്ല. അന്നുള്ള എല്ലാ ഇടവകകളിലെ വൈദികരും പ്രതിനിധികളും സംബന്ധിച്ചതിൽ അതിനെ മാവേലിക്കര സുന്നഹദോസ് എന്ന് വിളിക്കുന്നതാണ് അർത്ഥവത്തായത് എന്ന് വന്ദ്യനായ ഡോ. ജോസഫ് ചീരൻ അച്ചൻ രേഖപ്പെടുത്തിയത് (പേജ് 535. *ഇന്ത്യൻ ഓർത്തഡോക്സ് സഭ ചരിത്രവും സംസ്കാരവും*) ഉചിതമായിട്ടുള്ളതാണ്. ആദ്യ പൊതു സുന്നഹദോസുകളുടെ വിശ്വാസം ഏറ്റുപറയുന്ന ഓർത്തഡോക്സ് സഭകൾക്ക് സുന്നഹദോസ് എന്നു പറഞ്ഞാൽ മെത്രാച്ചന്മാർ മാത്രം കൂടുന്നതാണെന്ന് വിവക്ഷിക്കാനാവില്ലല്ലോ. നിഖ്യാ സുന്നഹദോസിൽ സത്യ വിശ്വാസത്തിനുവേണ്ടി പോരാടിയവരിൽ പ്രമുഖൻ, അത്താനാസ്യോസ് ശെമ്മാച്ചൻ ആയിരുന്നുവല്ലോ. ഏതായാലും മിക്ക സഭാചരിത്രകാരന്മാരും സ്വീകരിച്ചിരിക്കുന്ന നിലപാടിൽ നിന്ന് ഉയർന്ന സ്ഥാനം മാവേലിക്കര സുന്നഹദോസിനും പടിയോലയ്ക്കും നൽകേണ്ടിയിരിക്കുന്നു. വേണമെങ്കിൽ രണ്ടാം കൂനൻകുരിശ് എന്ന് വിളിക്കാമെന്ന് തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഒന്നാം കൂനൻ കുരിശിൽ അതിശക്തമായ റോമാ നുകത്തിൽ നിന്നും മലങ്കര നസ്രാണികൾ സ്വാതന്ത്ര്യം നേടിയ പോലെ (റോമാ സഭ + പോർട്ടുഗീസ് ഭരണാധികാരികൾ) ഇവിടെയും പ്രബലമായ ഒരു സഭയും മറ്റൊരു സാമ്രാജ്യത്വവും തമ്മിലുള്ള കൂട്ടുകെട്ടിനെയാണ് നേരിടേണ്ടി വന്നത്. അത് മിഷനറിമാരും ബ്രിട്ടീഷ് റസിഡണ്ടുമാരും അവരോടൊപ്പം തിരുവിതാംകൂർ രാജ്യഭരണവും ഒരു പരിധിവരെ അവരെ തുണയ്ക്കേണ്ടി വന്നപ്പോൾ മലങ്കര നസ്രാണികൾക്കു സഹായത്തിന് ആരും ഇല്ലായിരുന്നു. ചേപ്പാട്ട് മെത്രാച്ചൻ കടന്നുപോയിട്ടുള്ള മാനസിക സംഘർഷങ്ങളെ ആഴത്തിൽ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിനു മറ്റൊരു പ്രധാന കാരണം കൂടിയുണ്ട്.

സത്യവിശ്വാസം വിശദീകരിക്കുന്നതിനുള്ള ആധാരങ്ങളുടെയും മാനദണ്ഡങ്ങളുടെയും അഭാവം

മലങ്കര നസ്രാണികളുടെ വിശ്വാസം എന്താണെന്ന് നിശ്ചയിക്കാനുള്ള ഒന്നും ആ കാലത്ത് പുരാതനമെങ്കിലും ഈ സഭയിൽ ഉണ്ടായിരുന്നില്ല. ആദ്യത്തെ മൂന്ന് പൊതു സുന്നഹദോസുകളേയും അംഗീകരിക്കുന്ന വിഭാഗത്തിൽപ്പെട്ടതാണ് മലങ്കര നസ്രാണികളെന്ന് അന്ന് മനസ്സിലാക്കിയിരുന്നില്ല. വേദപുസ്തകമോ, ആരാധനാക്രമങ്ങളോ മലയാളഭാഷയിൽ ലഭ്യമായിരുന്നില്ല. സത്യ വിശ്വാസം എന്താണെന്ന് വിശദീകരിക്കുവാൻ ഒരു സൺഡേ സ്കൂൾ പുസ്തകം പോലുമില്ല. മലങ്കര നസ്രാണികളുടേതായി സ്വന്തമായ ആരാധനാക്രമം ഉണ്ടായിരുന്നോ എന്ന് നിശ്ചയമില്ല. പേർഷ്യൻ സഭയുമായിട്ടുള്ള ബന്ധത്തിൽ വന്ന കിഴക്കൻ ക്രമങ്ങളുടെ ചില പാഠഭേദങ്ങൾ ഉണ്ടായിരുന്നിരിക്കാം. അന്ത്യോക്യൻ സഭയുമായിട്ടുള്ള ബന്ധത്തിൽ ഇവിടെ പ്രചരിച്ചുകൊണ്ടിരിക്കുന്ന ആരാധനാക്രമങ്ങളും ഉണ്ട്. മലങ്കരസഭയുടെ ചരിത്രത്തിൽ കൽദായ സുറിയാനി ക്രമങ്ങളും, പൗരസ്ത്യ സുറിയാനി ക്രമങ്ങളും ഇടകലർന്നു ഉപയോഗിച്ചിരുന്ന ഒരു കാലം ഉണ്ടെന്ന് പറയപ്പെടുന്നു. മിക്കവാറും 1876-ലെ മുളന്തുരുത്തി സുന്നഹദോസിനു ശേഷമാണ് പൂർണമായി ആരാധന അന്ത്യോഖ്യൻ പാരമ്പര്യത്തിലേക്ക് മാറ്റപ്പെട്ടത്. ചുരുക്കത്തിൽ മിഷനറിമാരുമായുള്ള ബന്ധത്തിൽ കഴിഞ്ഞ കാലഘട്ടം, മലങ്കര നസ്രാണികൾക്കു സാംസ്കാരികമായ സ്വത്വബോധമല്ലാതെ വേദശാസ്ത്രപരമായ ഒരു സ്വത്വബോധം ഉണ്ടായിരുന്നില്ല. അന്ത്യോഖ്യൻ ബന്ധത്തെ മോശമായി കാണേണ്ട സാഹചര്യമില്ല എന്ന് മാത്രമല്ല, തങ്ങളുടെ സത്യവിശ്വാസം ഉറപ്പിക്കാൻ അവരുമായിട്ടുള്ള ബാന്ധവം പ്രയോജനപ്പെടുമെന്നും കരുതിയിരുന്നു. തന്നെയുമല്ല ബിഷപ്പ് വിൽസണിന്റെ നിർദ്ദേശങ്ങളെ നിരാകരിക്കാൻ തക്കതായ ഒരു കാരണവും വേണമായിരുന്നു. അതിനുള്ള എളുപ്പ വഴിയായിട്ടാണ് അന്ത്യോഖ്യായെ അവരുടെ യാതൊരു അറിവുമില്ലാതെ വെറുതെ രേഖപ്പെടുത്തിയത്. സെമിനാരി



സ്ഥാപനത്തിൽ കൂടി മിഷനറിമാർ മലങ്കരസഭയുടെ മേൽ അധീശത്വം അപ്പോൾതന്നെ സ്ഥാപിച്ചു കഴിഞ്ഞിരുന്നു എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. അത് പൂർണമാക്കാനാണ് ബിഷപ് വിൽസണിന്റെ നിരുപദ്രവമെന്ന് തോന്നുന്ന 6 നിർദേശങ്ങളിലൂടെ മിഷനറിമാർ ശ്രമിച്ചത്. അത് അപ്പാടെ അംഗീകരിച്ചിരുന്നുവെങ്കിൽ മലങ്കര നസ്രാണികളുടെ അസ്തിത്വം ഇല്ലാതാവുകയും ആംഗ്ലിക്കൻ സഭയിലെ ലോ ചർച്ചിന്റെ ഭാഗമായിത്തീരുകയും ചെയ്യുമായിരുന്നു എന്ന് സംശയമില്ല. 1653-ലെ കൂനൻകുരിശിൽ സംഭവിച്ചത് പോലെയുള്ള വിമോചനമാണ് 1836-ലെ മാവേലിക്കര സുന്നഹദോസിൽ സംഭവിച്ചത്. ഉദയംപേരൂരിൽ ആർച്ചുബിഷപ്പ് മെനസ്സിസ്സിന്റെ സാന്നിധ്യം പോലെ മിഷനറിമാരുടെ സാന്നിധ്യം മാവേലിക്കര സുന്നഹദോസിൽ ഉണ്ടായിരുന്നെങ്കിലും അവരെ പ്രീതിപ്പെടുത്താൻ ശ്രമിക്കാതെ ബിഷപ്പിന്റെ നിർദ്ദേശങ്ങളെ പാടേ നിരാകരിക്കുകയായിരുന്നു. അതിനു നേതൃത്വം നൽകിയതിലൂടെ ചേപ്പാട് മെത്രാച്ചൻ മലങ്കര നസ്രാണികളുടെ സത്യവിശ്വാസം സംരക്ഷിക്കുകയായിരുന്നു. ഒരു പക്ഷേ, പോർട്ടുഗീസ് സൈന്യത്തിന്റെ സഹായത്തോടെ ഉദയംപേരൂർ സൂന്നഹദോസിലെ നിശ്ചയങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതുപോലെ മിഷനറിമാർ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ സഹായം തേടിയില്ല എന്നതൊഴിച്ചാൽ മറ്റൊരു നിലയിലുള്ള ആവർത്തനമാണ് മാവേലിക്കര സുന്നഹദോസിൽ പ്രതിഫലിച്ചത്. തുടർന്നുള്ള കാലഘട്ടങ്ങളിൽ മിഷനറിമാരും നവീകരണത്തെ അനുകൂലിച്ചവരും വളരെയധികം അധിക്ഷേപങ്ങൾ ചേപ്പാട് മെത്രാച്ചനെതിരെ ഉന്നയിച്ചതിൽ നിന്നും ഈ കാര്യം ഒന്നു കൂടി വ്യക്തമാണ്. അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്നും ബ്രിട്ടീഷ് റസിഡന്റിനോട് ആവശ്യപ്പെടുകയുണ്ടായി. ചേപ്പാട്ട് തിരുമേനിയുടെ ഉറച്ച നിലപാടാണ് സഭയെ മുഴുവനായി നവീകരണ കൂടാരത്തിൽ എത്തിക്കാഞ്ഞത് എന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. മിഷനറിമാർ ഈ പുരാതന സഭയെ കീഴ്പ്പെടുത്തുമെന്ന സെമിനാരി സ്ഥാപകന്റെയും, പിന്നീടു വന്ന പുന്നത്ര മെത്രാച്ചന്റെയും ന്യായമായ ഭീതിയും, മലങ്കര നസ്രാണികളെ വിട്ടൊഴിഞ്ഞത് ചേപ്പാട്ടു മെത്രാച്ചന്റെ ധീരമായ നിലപാടു മൂലമാണ്. കൂനൻകുരിശു മൂലം റോമാ നുകം വിട്ടൊഴിഞ്ഞു എങ്കിൽ മാവേലിക്കര സുന്നഹദോസ് മൂലം നവീകരണ കൊടുങ്കാറ്റിനെയും അതിജീവിച്ചു എന്ന് പറയാം. കൂനൻകുരിശിനു ശേഷം ഭൂരിഭാഗം റോമാനുകത്തിൽ പ്രവേശിച്ചു എങ്കിൽ സി.എസ്.ഐ. മാർത്തോമ്മാ സഭകളിലേക്ക് ന്യൂനപക്ഷമേ കൂടുമാറിയുള്ളൂ എന്നും എടുത്തു പറയേണ്ടതാണ്. അതിനാൽ 1972-നു മുമ്പ് വരെയും സത്യവിശ്വാസത്തിന്റെ സംരക്ഷകൻ എന്ന് ചേപ്പാട്ടു മെത്രാച്ചനെ വിശേഷിപ്പിച്ചതിനെ മാറ്റി പറയേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല.

അന്ത്യോഖ്യൻ ബാന്ധവത്തെക്കുറിച്ച്

നേരത്തെ സൂചിപ്പിച്ചതുപോലെ 1970-ന് ശേഷമാണ് അന്ത്യോഖ്യൻ നുകം മലങ്കരസഭയുടെ മേൽ പതിച്ചതിന്റെ പ്രധാന ഹേതുവായി മാവേലിക്കര പടിയോലയേയും ചേപ്പാട്ടു മെത്രാച്ചനേയും ബന്ധിപ്പിക്കുവാൻ തുടങ്ങിയത്. അതിനും ചരിത്രപരമായ കാരണങ്ങളുണ്ട്. നവീകരണ സഭകളൊക്കെ അവ

രുടേതായ വഴിക്ക് പിരിഞ്ഞു പോയി. അതിനുശേഷം മലങ്കരസഭയുടെ പോരാട്ടം ശക്തമായത് റീത്ത് പ്രസ്ഥാനവുമായിട്ടായിരുന്നു. 1958-ലെ സമാധാനത്തോടു കൂടി അന്ത്യോഖ്യൻ ശല്യവും അവസാനിച്ചു എന്ന് ചിന്തിച്ചിരിക്കുമ്പോഴാണ് കുപ്രസിദ്ധമായ 203-ാം നമ്പർ കല്പന (തോമാശ്ലീഹായുടെ പട്ടത്വത്തെ ചൊല്ലിയും) തോമാ ശ്ലീഹായുടെ സിംഹാസനത്തെ ചൊല്ലിയുള്ള വിവാദങ്ങളും ചൂടുപിടിച്ചത്. സത്യ വിശ്വാസ സംരക്ഷണം ഇവിടെയൊരു വിഷയമല്ലാതായി. കാരണം മല്ലടിക്കുന്ന രണ്ടു കൂട്ടരും പരസ്പരം വിശുദ്ധ കുർബാന സംസർഗം ഉള്ളവരും അവിഭക്ത സഭയുടെ സത്യവിശ്വാസം അഭംഗം സംരക്ഷിക്കുന്ന ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗത്തിലുള്ളവരുമാണല്ലോ. തർക്കം പാത്രിയർക്കീസ് - കാതോലിക്കാ സിംഹാസനങ്ങളെയും അവയുടെ അധികാരാവകാശങ്ങളെയും പറ്റിയായി. സ്വതന്ത്രമായ ഒരു കാതോലിക്കേറ്റ് ഉണ്ടായി കഴിഞ്ഞിട്ടും അന്ത്യോഖ്യൻ പാത്രിയർക്കീസുമാർ, ഓർത്തഡോക്സ് സഭാ വിജ്ഞാനീയത്തിനനുസൃതമല്ലാതെ, പരസ്പരം അംഗീകരിച്ച 1934-ലെ ഭരണഘടനയ്ക്കും, 1958-ലെ ഒത്തുതീർപ്പിനും എതിരായി ആദ്യം ഡെലിഗേറ്റിനെയും, പിന്നെ മെത്രാച്ചന്മാരെയും, ഒടുവിൽ സമാന്തര കാതോലിക്കായേയും നിയമിച്ച് സഭാന്തരീക്ഷം കലുഷിതമാക്കി. ഇതിന്റെ മൂലഹേതു 1836-ലെ മാവേലിക്കര പടിയോലയിലും ചേപ്പാട്ട് തിരുമേനിയിലും ആരോപിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. ചരിത്രപരമായി നീതീകരണവുമില്ല.

അന്ത്യോഖ്യൻ ബന്ധം അല്പം ചരിത്രം

1842/43-ൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് അന്ത്യോക്യയിൽ ചെന്ന് പട്ടം സ്വീകരിക്കുന്നതു വരെ പാത്രിയർക്കീസുമായി നേരിട്ടു ബന്ധം വന്നിട്ടില്ലെങ്കിലും, മറ്റു ചില ബന്ധങ്ങൾ നേരത്തേ തന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. 1653-ലെ കൂനൻകുരിശു സത്യത്തിനു കാരണക്കാരനായ അഹത്തുള്ളാ ശീമക്കാരനാണെന്ന് ശീമപക്ഷക്കാർ പറയുന്നുണ്ടെങ്കിലും അതിനു തെളിവില്ല. എന്നാൽ ഒന്നാം മാർത്തോമായുടെ പട്ടം സാധുതയുള്ളതാക്കാൻ എത്തിയ യെരുശലേമിലെ അബ്ദൽ ജലീൽ മെത്രാപ്പോലീത്താ അന്ത്യോക്യൻ ബാന്ധവത്തിലുള്ളതാണെന്ന് കണക്കാക്കപ്പെടുന്നു (ഫാ. ജോസഫ് ചീരൻ വ്യത്യസ്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള കാര്യം വിസ്മരിക്കുന്നില്ല). ഒന്നാം മാർത്തോമായുടെ സ്ഥാനം സാധൂകരിച്ച് 1671 വരെ ഇവിടെ താമസിച്ചു വടക്കൻപറവൂർ പള്ളിയിൽ കബറടങ്ങുകയും ചെയ്തു. ഇതേ തുടർന്ന് പല കാലങ്ങളിലായി പല മെത്രാപ്പോലീത്താമാരും ഇവിടെ വന്നു പോവുകയുണ്ടായി. കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിൽ നിന്ന് അനേകർ വരികയും അവരുടെ സഭകൾ ഇവിടെ സ്ഥാപിക്കുകയും ചെയ്തുവെങ്കിലും അവരോടൊന്നും മലങ്കര നസ്രാണികൾക്ക് കാര്യമായ അഭിനിവേശം ഉണ്ടായില്ല. പുരാതനമായ ഈ സഭയുടെ ദൈവശാസ്ത്രപരമായ നിലപാട് എന്തെന്ന് വ്യക്തമായി ആർക്കും അറിവില്ലാതിരുന്നിട്ടും അത് റോമൻ, നവീകരണ പ്രമാണങ്ങളോട് ചേർന്നു പോകുന്നതല്ല എന്ന് അവർക്ക് ബോധ്യമായിരുന്നു. സാംസ്കാരികമായ അന്തരമായിരുന്നോ അത്തരത്തിലുള്ള ഒരു വികർഷണത്തിന് കാരണമെന്ന് കൂടുതൽ പഠനം നടത്തേണ്ടതാണ്. അന്ത്യോഖ്യയിൽ നിന്നും വന്നവർക്ക് പല ഉദ്ദേശ്യങ്ങളാണ് ഉണ്ടായിരുന്നതെന്ന് അവരുടെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുന്നു. എന്നാൽ ഈ സഭയെ ആത്മീയമായി വളർത്തുവാൻ താല്പര്യമുള്ള ചിലർ ഉണ്ടായിരുന്നിരിക്കാം. ചിലർക്ക് ഇവിടെ നിന്നു ലഭിക്കുന്ന ഉപഹാരങ്ങളോടായിരുന്നു താല്പര്യം. മറ്റു ചിലർക്ക് സ്ഥാനമോഹങ്ങളായിരുന്നു. മറ്റു ചിലർ ഈ സഭയെ അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചു. ഇതിൽ ഒടുവിലത്തേതാണ് ഏറ്റവും ആപൽക്കരമായി പരിണമിച്ചത്.

ചെങ്ങന്നൂർ സുന്നഹദോസും (1686) മാർ ഈവാനിയോസ് ഹിദായത്തുള്ളയും

നേരത്തെ സൂചിപ്പിച്ചതുപോലെ അബ്ദൽ ജലീലിന്റെ കാലംമുതൽ അന്ത്യോഖ്യയുമായി സൗഹൃദബന്ധം ആരംഭിച്ചു. അതു കൂടുതൽ ഉറപ്പിക്കുന്നതു കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന യൽദോ ബാവായുടെ വരവോടു കൂടിയാണ്. അധികനാൾ ഇവിടെ തങ്ങിയില്ലെങ്കിലും യൽദോ ബാവായുടെ ദിവ്യപരിവേഷം പതുക്കെ അന്ത്യോഖ്യൻ പാരമ്പര്യങ്ങളോടു വൈകാരിക ആഭിമുഖ്യം ഉണ്ടാക്കി. അന്ത്യോഖ്യൻ/അലക്സാണ്ട്രിയൻ വേദശാസ്ത്രം ഇവിടെ ഉറപ്പിക്കാൻ ഇടയായത് യൽദോ ബാവായുടെ കൂടെ വന്ന മാർ ഈവാനിയോസ് ഹിദായത്തുള്ള വിളിച്ചുകൂട്ടിയ ചെങ്ങന്നൂർ സുന്നഹദോസിലൂടെയാണെന്ന് കൂടുതൽ തെളിവുകൾ *നിരണം ഗ്രന്ഥവരി*യിലൂടെയൊക്കെ ഇപ്പോൾ ലഭിച്ചിട്ടുണ്ട്. റോമൻ സ്വാധീനവും, നെസ്തോറിയൻ ആശയവും ഇടകലർന്ന



ചേപ്പാട് സെന്റ് ജോർജ് പള്ളി

പൗരസ്ത്യ സുറിയാനി ആരാധനക്രമങ്ങളോടു പതുക്കെ വിട പറഞ്ഞു പാശ്ചാത്യ ക്രമങ്ങളിലേക്ക് നീങ്ങുകയായിരുന്നു. യാക്കോബിന്റെ തക്സായും, മാർ ഈവാനിയോസിന്റെ തക്സായും ആരാധനയ്ക്ക് സ്വീകരിച്ചു. പൗരസ്ത്യ ആരാധനാക്രമം ഇവിടെ ആധിപത്യം ഉറപ്പിക്കാൻ തുടങ്ങി. ഇതിന് നല്ല വശമുള്ളത് മലങ്കര നസ്രാണികൾക്ക് വേദശാസ്ത്രത്തിലും ആരാധനയിലും ഒരു സ്വത്വബോധം ഉണ്ടായി എന്നുള്ളതാണ്. ഈ രണ്ടു കാര്യങ്ങളിൽ ഉറപ്പില്ലാത്ത ഒരു സഭയ്ക്ക് നിലനിൽക്കാൻ സാധ്യമല്ലല്ലോ. അതുകൊണ്ട് റോമൻ അധിനിവേശത്തെയും നവീകരണ മുന്നേറ്റത്തെയും എതിർത്തതുപോലെ അന്ത്യോഖ്യൻ ബന്ധത്തെ എതിർക്കുവാനും നമ്മുടെ പൂർവികർക്കു തോന്നിയില്ല. 1876-ലെ മുളന്തുരുത്തി സുന്നഹദോസോടുകൂടി ആത്മീയതയോടൊപ്പം ഭൗതികമായ മേൽക്കോയ്മ കൂടി ഉറപ്പിക്കുന്ന നിലയിലേക്കു നിർഭാഗ്യവശാൽ നീങ്ങുകയുണ്ടായി. മലങ്കരസഭയുടെ മേൽ ആധിപത്യം ഉറപ്പിക്കുന്നതിനുള്ള പത്രോസ് പാത്രിയർക്കീസിന്റെ താൽപര്യത്തോടൊപ്പം നവീകരണക്കാരെ തോൽപ്പിക്കാൻ മറ്റൊരു വഴിയും കാണാത്തതിൽ പാത്രിയർക്കീസിനെ ക്ഷണിച്ചുവരുത്തി എന്നുള്ളതാണ് മറ്റൊരു യാഥാർത്ഥ്യം.

മിഷനറിമാർ മലങ്കരസഭയുടെ മേൽ പതുക്കെ അധീശത്വം പുലർത്തുവാൻ തുടങ്ങിയതോടെ അന്ത്യോഖ്യൻ അധീശത്വവും ഇവിടെ വർദ്ധിച്ചു വന്നു. ആരാധനാക്രമങ്ങൾ സ്വീകരിച്ചു തുടങ്ങിയതോടെ അതു വർദ്ധിച്ചു എന്നു പറയാം. തന്നെയുമല്ല ബ്രിട്ടീഷുകാർ വന്നതോടു കൂടിയാണ് ഇന്ത്യക്കാർക്ക് അവരുടെ സ്വത്വബോധത്തെക്കുറിച്ച് തിരിച്ചറിവ് ഉണ്ടാകാൻ തുടങ്ങിയത് എന്നതുപോലെ, മലങ്കര നസ്രാണികളുടെ വേദശാസ്ത്രപരമായ സ്വത്വം എവിടെയാണെന്ന് അന്വേഷിക്കുവാൻ തുടങ്ങിയതും ഈ വിദേശ ബന്ധം ഉണ്ടായതിനു ശേഷമാണ്. ആ കൂട്ടത്തിൽ അന്ത്യോക്യൻ ആരാധനാക്രമത്തിലൂടെ വെളിവായ ദൈവശാസ്ത്രത്തോട് മലങ്കര നസ്രാണികൾക്കു അടുപ്പം തോന്നുകയും, പാശ്ചാത്യമായ റോമിനേയും, നവീകരണ മിഷനറിമാരെയും നിരാകരിക്കുകയും ചെയ്തു. അന്നത്തെ, അടുപ്പം ഏതെങ്കിലും വ്യക്തിയിലോ, നേതാക്കന്മാരിലോ കേന്ദ്രീകൃതമല്ലായിരുന്നു. നസ്രാണി സമൂഹത്തിനു മുഴുവൻ അന്ത്യോഖ്യയോട് ഒരു ചായ്വ് ആരാധനാ സ്വീകരണത്തിൽ കൂടി ഉണ്ടായിത്തുടങ്ങിയിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും നമ്മുടെ ആരാധനയും, പ്രാർത്ഥനയും, അനുഷ്ഠാനങ്ങളും അന്ത്യോഖ്യൻ തന്നെയാണല്ലോ. രാജാവിനേക്കാൾ വലിയ രാജഭക്തി എന്നു പറഞ്ഞതുപോലെ അന്ത്യോഖ്യക്കാർ പലതും പരിഷ്കരിച്ചപ്പോൾ, ചൊല്ലുന്നവർക്ക് പോലും അർത്ഥം മനസ്സിലാവാത്തതും, ആവർത്തന വിരസമായതിന്റെയും വള്ളി പുള്ളി മാറ്റാനാവാത്ത വിധേയത്വമാണല്ലോ ഇന്നും കാണിക്കുന്നത്. വേഷഭൂഷാദികളിലും സ്ഥാനനാമങ്ങൾ സ്വീകരിക്കുന്നതിലുമൊക്കെ സ്വാതന്ത്ര്യവും ദേശീയതയും അവകാശപ്പെടുന്ന സഭ എന്തു മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്? ആരാധനയിൽ കൂടുതൽ സുറിയാനി ഉപയോഗിക്കുന്നത് ഭക്തിയുടെ അടയാളമായിരിക്കുന്നു. പെരുന്നാളുകളിൽ ഒരു ദിവസം വിശുദ്ധ കുർബാന, സുറിയാനിയിലായിരിക്കണമെന്ന് ഏതാണ്ട് നിർബന്ധമായിരിക്കുന്നു. ഇത്രമാത്രം സുറിയാനി വിധേയത്വം ഇരുപത്തിയൊന്നാം

നൂറ്റാണ്ടിലും വെച്ചു പുലർത്തുന്നുവെങ്കിൽ പതിനെട്ടാം നൂറ്റാണ്ടിലെ കാര്യം പറയേണ്ടതുണ്ടോ? എങ്കിലും അധികം താൽപര്യമൊന്നും ചേപ്പാട് മെത്രാച്ചൻ കാണിച്ചതായി തെളിവില്ല.

അന്ത്യോഖ്യയിൽ നിന്നു വന്ന മാർ പീലക്സിനോസിനെയും, മാർ അത്താനാസിയോസിനെയും തിരിച്ചയയ്ക്കുവാൻ അദ്ദേഹം തന്നെ പരിശ്രമിച്ചു. പാത്രിയർക്കീസിന്റെ അധികാരം സ്ഥാപിച്ചു കിട്ടാൻ നടത്തിയ സെമിനാരി കേസിൽ ഹാജരാക്കിയ മിഷനറി രേഖയിൽ നിന്നാണ് മാവേലിക്കര പടിയോലയിലെ പാത്രിയർക്കീസ് വിധേയത്വം ഉദ്ധരിച്ചിട്ടുള്ളത് (ചീരൻ അച്ചൻ, പേജ് 552). പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസ് ശീമയിൽ പോയി പട്ടം ഏറ്റു വന്നതിനുശേഷമാണ് അന്ത്യോഖ്യൻ അധീശത്വം ഭരണതലത്തിലേക്ക് വ്യാപിപ്പിക്കാൻ ശ്രമം തുടങ്ങിയത്. 1840-ൽ കൊല്ലം പഞ്ചായത്ത് വിധി മൂലം മിഷനറിമാരിൽ നിന്ന് വിടുതൽ നേടിയെങ്കിലും, പാലക്കുന്നത്ത് അബ്രഹാം മല്പാൻ, അനന്തരവൻ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാച്ചൻ എന്നിവരിൽ കൂടി നവീകരണക്കാരുമായി മറ്റൊരു പോരിന്റെ വഴി തുറക്കുകയായിരുന്നു. മിഷനറിമാരും, ബ്രിട്ടീഷ് റസിഡണ്ടുമാരും, നവീകരണ വിഭാഗത്തെ പിന്തുണച്ച് പാലക്കുന്നത്ത് അത്താനാസിയോസിന് രാജകീയ വിളംബരം നേടിക്കൊടുത്ത് മുന്നോട്ടു പോയപ്പോൾ ചേപ്പാട്ടു തിരുമേനിയുടെ പിൻഗാമികൾക്കു മറ്റൊരു വഴിയും ഉണ്ടായില്ല. പുലിക്കോട്ടിൽ അഞ്ചാമൻ തിരുമേനിയും പിന്നീട് വട്ടശ്ശേരിൽ തിരുമേനിയും ശീമയിൽ പോയി പട്ടം ഏറ്റു. ഇതിനിടയിൽ സാക്ഷാൽ പാത്രിയർക്കീസിനെ തന്നെ മുളന്തുരുത്തി സുന്നഹദോസിൽ അധ്യക്ഷത വഹിക്കാൻ ക്ഷണിച്ചു. നവീകരണക്കാരോട് പോരാടി അവരെ തോൽപ്പിക്കാൻ അതു സഹായമായെങ്കിലും അന്ത്യോഖ്യൻ വിധേയത്വം ഇവിടെ അരക്കിട്ടുറപ്പിക്കാൻ ഇതു കാരണമായി. ഇപ്രകാരമുള്ള മുഴുവൻ ചരിത്രവും പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. അന്ത്യോഖ്യൻ അധീശത്വം ഇവിടെ ഉറപ്പിക്കുന്നതിൽ ചേപ്പാട്ടു മെത്രാച്ചൻ കാര്യമായി ഒരു പങ്കും വഹിച്ചിട്ടില്ല.

മാവേലിക്കര സുന്നഹദോസിന്റെ ആനുകാലിക പ്രസക്തി

ഏതു നിലയിൽ ചിന്തിച്ചാലും ബിഷപ്പ് വിൽസന്റെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിരുന്നെങ്കിൽ മലങ്കരസഭ ഇന്നത്തെ നിലയിൽ കാണുകയില്ലായിരുന്നു. നവീകരണ സ്വാധീനത്തിൽ നിന്ന് ആംഗ്ലിക്കൻ സഭയും (പിന്നീട് സി.എസ്.ഐ.) മാർത്തോമാ സഭയും ഉണ്ടാകത്തക്ക നിലയിൽ മിഷനറിമാരുടെ സ്വാധീനം നിർണായകമായിരുന്നു. സെമിനാരിയുടെയും സഭയുടെ ആഭ്യന്തര കാര്യങ്ങളിലും സ്വാധീനം ചെലുത്താൻ തുടങ്ങിയ മിഷനറിമാരുടെ സ്വാധീനത്തിൽ ഒരു നവീകരണ സഭയായി മലങ്കര നസ്രാണി സമൂഹം രൂപപ്പെടുമായിരുന്നു. ആ നിർഭാഗ്യാവസ്ഥ ഒഴിവാക്കി 'സത്യവിശ്വാസ സംരക്ഷകനായി' ചേപ്പാട്ടു തിരുമേനിയെ ആദ്യം മുതൽ വിശേഷിപ്പിച്ചത് അരക്കിട്ടുറപ്പിക്കുന്നതാണ് മാവേലിക്കര സുന്നഹദോസിനു ശേഷമുള്ള ചരിത്രവും വെളിപ്പെടുത്തുന്നത്.

1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിനു ശേഷം, സത്യവിശ്വാസ സംരക്ഷണം എന്ന ചിന്താഗതിക്ക് മാറ്റം വന്നു. സ്വാതന്ത്ര്യം, ദേശീയത എന്ന ആശയങ്ങളാണ് പ്രാധാന്യമുള്ളതായത്. സ്വാതന്ത്ര്യം എപ്പോഴും രാഷ്ട്രീയ മാനമുള്ള പദമാണ്. ഫ്രഞ്ച് വിപ്ലവം മുതൽ സ്വാതന്ത്ര്യം എന്ന വാക്ക് ദൈവശാസ്ത്രപരമായി സഭകൾ പോലും മനസ്സിലാക്കിയിട്ടില്ല. വേദശാസ്ത്രത്തിൽ തിന്മയിൽ നിന്നുള്ള വിടുതലാണ് ആത്യന്തിക സ്വാതന്ത്ര്യം. 'Joy of Freedom' എന്ന പുസ്തകത്തിലൂടെയൊക്കെ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി ഈ ആശയം വളരെ വ്യക്തമാക്കിയിട്ടുണ്ട്. വിശ്വാസികളെ തിന്മയിൽ നിന്നു നന്മയിലേക്കു രൂപാന്തരപ്പെടുത്തണമെന്ന ചിന്ത തന്നെ, സഭകളിൽ നിന്ന് അപ്രത്യക്ഷമായി. ഭൗതിക സ്വാതന്ത്ര്യവുമായിട്ടാണ് അതിനു കൂടുതൽ ബന്ധം. അതു നേടിയെടുക്കാൻ കോടതിയും വ്യവഹാരങ്ങളുമായി സഭകൾ നീങ്ങുന്നു. ക്രിസ്തു നേടിത്തന്ന ആത്മാവിലുള്ള സ്വാതന്ത്ര്യം വിശ്വാസ സമൂഹത്തിന് പോലും താല്പര്യമില്ലാതായിരിക്കുന്നു.

അതുപോലെ ദൈവശാസ്ത്രത്തിൽ അപ്രസക്തമായ പദമാണ് 'ദേശീയത.' 'ഞാൻ ദേശഭക്തയല്ല' എന്ന പേരിൽ അരുന്ധതി റോയ് ഒരു പുസ്തകമെഴുതിയിട്ടുണ്ട്. ലോകമെങ്ങും ചൂഷിതരും മർദ്ദിതരുമായി കഴിയുന്നവരുടെ വിമോചനമാണ് എന്റെ ലക്ഷ്യമെന്നും, ഭരണകൂടങ്ങൾ നിർമ്മിച്ചിരിക്കുന്ന രാജ്യാതിർത്തിക്കുള്ളിലെ ദേശീയത അപകടം പിടിച്ച സങ്കുചിതത്തിലേക്ക് നീങ്ങുമെന്ന് സെക്കുലർ ചിന്താഗതിയുള്ളവർ പോലും പ്രഖ്യാപിച്ചിരിക്കുന്നു. അപ്പോഴാണ് ലോകത്തിന്റെ മാത്രമല്ല ഈ പ്രപഞ്ചത്തിന്റെ മുഴുവൻ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ ശിഷ്യർ വളരെ സങ്കുചിതമായ ദേശീയതയുടെ മുദ്രാവാക്യവുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഈ ദേശീയതാവാദം വിശാലമായ അർത്ഥത്തിൽ ആത്മഹത്യാപരമാണ്. ചെറുതെങ്കിലും മലങ്കര സഭാമക്കൾ ലോകത്തിന്റെ പല ഭാഗങ്ങളിലും കുടിയേറിപ്പാർത്തു കഴിഞ്ഞു. അമേരിക്കയിൽ, നമ്മുടെ സഭയിൽ നിന്നും കുടിയേറിപ്പാർത്തവരിൽ 90 ശതമാനത്തിലധികവും അമേരിക്കൻ പൗരന്മാരാണ്. അവർക്ക് ദേശീയത അമേരിക്കൻ പൗരത്വത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അല്ലാതെ പൂർവികർ വന്ന ദേശങ്ങളോടല്ല. ഇതൊക്കെ വിശദമായി പഠിക്കേണ്ട വിഷയങ്ങളാണ്.

ഉപസംഹാരം

ചേപ്പാട്ട് തിരുമേനി ഉയർത്തിപ്പിടിച്ച സത്യവിശ്വാസം ഇന്നും സാംഗത്യമുള്ളതാണ്. അതിനെ വേദശാസ്ത്രപരമായി വിശാലമായ അർത്ഥത്തിൽ മനസ്സിലാക്കി സഭയുടെ ദൗത്യവും ശുശ്രൂഷയും രൂപപ്പെടുത്തുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. കോവിഡിന്റെ കാലത്താണ് ഈ കുറിപ്പെഴുതുന്നത്. സഭകൾ സ്വയം വലിപ്പം കാണിക്കാൻ കെട്ടിപ്പൊക്കിയ അംബരചുംബികളായ ദേവാലയങ്ങൾ, പൂർവികർ പാടിയതുപോലെ ശൂന്യമാക്കപ്പെടുന്നു. ശാസ്ത്രം പരാജയപ്പെടുന്നു. ഭരണകൂടങ്ങൾ നിസ്സഹായരാകുന്നു. ഇസങ്ങൾ പരാജയപ്പെടുന്നു. ആഗോളവൽക്കരണവും അതിന്റെ ചുമലിലേറി വളർത്തിയെടുത്ത ഒരു സെക്കുലർ, ഭൗതിക സംസ്കാരത്തിന് വേരുകളില്ലെന്ന് തിരിച്ചറിയുന്നു. ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ക്രിസ്തു വെളിപ്പെടുത്തിയ പ്രാപഞ്ചിക രക്ഷയുടെ വെളിച്ചത്തിൽ ഒരു പുതിയ ജീവിതക്രമവും ശൈലിയും രൂപപ്പെടുത്തുക എന്നുള്ളതാണ് ഇപ്പോഴത്തെ വെല്ലുവിളി. അതിന്റെ അടിസ്ഥാനം ഉപാധികളില്ലാത്ത സ്നേഹമാണ്. അവിടെ ആരെയും ഇല്ലാതാക്കാൻ ശ്രമിക്കുന്നില്ല. പ്രകൃതിക്കും, ജീവജാലങ്ങൾക്കും, എല്ലാ മതവിശ്വാസികൾക്കും, ഇതര സഭാ വിശ്വാസികൾക്കും, മതമില്ലാത്തവർക്കും, നമ്മെ എതിർക്കുന്നവർക്കും എല്ലാം നിലനിൽക്കാനുള്ള ഇടം നൽകപ്പെടുന്നു. അപരന്റെ നിലനിൽപ്പിലാണ് എന്റെ ജീവിതത്തിന്റെ സുരക്ഷിതത്വം എന്ന് തിരിച്ചറിയുന്നു. എത്ര കൈ കഴുകിയാലും, മാസ്ക് ധരിച്ചാലും അപരനു കോവിഡുള്ള കാലത്തോളം എന്റെ ജീവന് സുരക്ഷിതത്വമില്ല. കർത്താവ് കല്പിച്ചു, "എനിക്കു വേണ്ടി ജീവനെ നഷ്ടപ്പെടുത്തുന്നവൻ അതിനെ നേടും. സ്വന്തമായി ജീവൻ നേടാൻ ശ്രമിച്ചാൽ അതു നഷ്ടമാകും." സത്യവിശ്വാസത്തിന്റെ ഈ പൊരുൾ തിരിച്ചറിയാനുള്ള ഉൾക്കാഴ്ച 1836-ലെ മാവേലിക്കര സുന്നഹദോസിലൂടെ സത്യവിശ്വാസം സംരക്ഷിച്ച ചേപ്പാട്ടു തിരുമേനിയുടെ ജീവിതത്തിന്റെ പുനർവായന നമ്മെയെല്ലാം സഹായിക്കട്ടെ. ❑